റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ ബി ഐ)

കറൻസി നിയന്ത്രണ വകുപ്പ്

പ◌ൗരാവകാശ രേഖ

**1. പ◌ൗരാവകാശ രേഖയുടെ ലക്ഷ്യം**

നോട്ടുകളും നാണയങ്ങളും കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകുന്ന വിവിധ സ◌ൗകര്യങ്ങളെ കുറിച്ചും ആർ ബി ഐ ഇഷ്യൂ ഓഫീസുകളും വാണിജ്യ ബാങ്ക് ശാഖകളും നൽകുന്ന സേവനങ്ങളുടെ സാധാരണ മാനദണ്ഡങ്ങളെ കുറിച്ചും പ◌ൗരാവകാശ രേഖ പൊതുജനങ്ങൾക്കു വിവരം നൽകുന്നു.

**2. ആർ ബി ഐ ഇഷ്യൂ ഓഫീസുകളിൽ ലഭ്യമായ സേവനങ്ങൾ**

ഇഷ്യൂ ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്ന ആർ ബി ഐ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് കീറിയതോ അഴുക്കു പറ്റിയതോ ആയ നോട്ടുകളും പ്രചാരമില്ലാത്തതോ തേയ്മാനം സംഭവിച്ചതോ ആയ നാണയങ്ങളും നൽകി പുതിയവ നേടാനാകും. പ്രവൃത്തി സമയത്ത് ബാങ്ക് ക◌ൗണ്ടറുകളിൽ നിന്ന് ഈ സേവനം സ◌ൗജന്യമായി ലഭ്യമാണ്.

**3. കൈമാറ്റ സ◌ൗകര്യം നൽകുന്ന ആർ ബി ഐ ഓഫീസുകൾ:**

അഹമ്മദാബാദ്, ബംഗളൂരു, ബേലാപൂർ (നവി മുംബയ്), ഭോപ്പാൽ, ഭുവനേശ്വർ, ചണ്ഡിഗഢ്, ചെന്നൈ, ഗുവാഹത്തി, ഹൈദരാബാദ്, ജയ്പൂർ, ജമ്മു, കാൺപൂർ, കൊച്ചി, കൊൽക്കത്ത, ലക്ന◌ൗ, മുംബയ്, നാഗ്പൂർ, ന്യൂ ദൽഹി, പട്ന, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ ബാങ്കിന്റെ പ്രാദേശിക ഓഫീസ് ക◌ൗണ്ടറുകളിൽ ഈ സ◌ൗകര്യം ലഭ്യമാണ്.

**4. കോയിൻ ഡിസ്പെൻസറുകൾ ഉപയോഗിച്ച് നോട്ടുകൾ നാണയങ്ങളാക്കി മാറ്റൽ**

റിസർവ് ബാങ്കിന്റെ പ്രാദേശിക ഓഫീസുകളിലെ ബാങ്കിങ് ഹാളുകളിൽ സ്ഥാപിച്ചിട്ടുള്ള കോയിൻ ഡിസ്പെൻസറുകളിൽ നിന്ന് പൊതുജനങ്ങൾക്ക് അവരുടെ നോട്ടുകൾക്കു പകരം നാണയങ്ങൾ ലഭിക്കും.

**5. അഴുക്കുപിടിച്ചതോ കീറിയതോ ആയ നോട്ടുകളും നാണയങ്ങളും ബാങ്കിന്റെ പൊതു ക◌ൗണ്ടറുകളിൽ മാറ്റിയെടുക്കൽ**

ബാങ്കിന്റെ ഓഫീസ് ക◌ൗണ്ടറുകളിൽ ഇനിപ്പറയുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കും.

എ) അഴുക്കുപിടിച്ച നോട്ടുകൾ മാറ്റിയെടുക്കൽ: കീറിപ്പറിഞ്ഞതോ, കാലപ്പഴക്കം മൂലം ചെറിയ കീറലുകൾ സംഭവിച്ചതോ എണ്ണയോ നിറമോ മഷിയോ വീണ പാടുകളുള്ളതോ ആയ നോട്ടുകളെയാണ് അഴുക്കുപിടിച്ച നോട്ടുകൾ എന്ന വിഭാഗത്തിൽ പെടുത്തുന്നത്. കൈമാറ്റം എളുപ്പമാക്കാനായി നെടുകേ കീറിയെങ്കിലും നോട്ടിന്റെ നമ്പർ മുഴുവൻ കാണാൻ കഴിയുന്ന നോട്ടുകളേയും ഇതിൽ പെടുത്തിയിരിക്കുന്നു. രാഷ്ട്രീയമോ മതപരമോ ആയ മുദ്രാവാക്യങ്ങൾ എഴുതിയ നോട്ടുകൾ ഒരു കാരണവശാലും മാറ്റി കൊടുക്കുന്നതല്ല.

ബി) കീറിയ നോട്ടുകൾ കൈമാറ്റം ചെയ്യൽ: ഒരു ഭാഗം കാണാനില്ലാത്തതോ കഷണങ്ങൾ കൂട്ടിയൊട്ടിച്ചതോ ആയ നോട്ടുകളുടെ പകുതിയോ അതിലധികമോ ഉണ്ടെങ്കിൽ, കീറിയൊട്ടിച്ച നോട്ടുകളിലെ കഷണങ്ങൾ അതേ നോട്ടിന്റെ ഭാഗം തന്നെയാണെന്ന് നിർദ്ദിഷ്ട ഓഫീസർക്ക് (ആർ ബി ഐ (നോട്ട് റീഫണ്ട്) നിയമപ്രകാരം നിർവചിച്ചത്) തിരിച്ചറിയാനാവുന്നുണ്ടെങ്കിൽ അതിനെ കീറിയ നോട്ട് എന്ന വിഭാഗത്തിൽ പെടുത്താം.

ആർ ബി ഐ (നോട്ട് റീഫണ്ട്) നിയമം, 1975 (1980 വരെ ഭേദഗതി ചെയ്തത്) ആർ ബി ഐ വെബ്സൈറ്റ് http://www.rbi.org.in -ൽ പ്രസിദ്ധീകരണങ്ങൾ എന്ന ശീർഷകത്തിൽ, സാന്ദർഭിക പ്രസിദ്ധീകരണങ്ങൾ എന്ന ഉപശീർഷകത്തിനു കീഴിൽ കാണാവുന്നതാണ്.

സി) ഇപ്പോൾ പ്രചാരത്തിലില്ലാത്തവ ഉൾപ്പെടുന്ന നാണയങ്ങൾ നോട്ടുകളായി മാറ്റൽ

**6. ടിപിൾ ലോക്ക് റിസപ്റ്റകിൾ അഥവാ തപാൽ വഴി സ്വീകരിക്കുന്ന കീറിയ/ വികലമായ നോട്ടുകൾ മാറ്റിയെടുക്കൽ**

കീറിയ/ വികലമായ നോട്ടുകൾ മാറ്റിയെടുക്കാനായി ബാങ്കിന്റെ ക◌ൗണ്ടറുകളിൽ കാത്തു നിൽക്കാൻ സാധിക്കാത്ത പൊതുജനങ്ങൾക്ക് മാറ്റിയെടുക്കൽ സ◌ൗകര്യം നൽകാനായി ടിപിൾ ലോക് റിസപ്റ്റകിൾ (ടി എൽ ആർ) എന്ന ഒരു പെട്ടിയിൽ അത്തരം നോട്ടുകളിടാനുള്ള സ◌ൗകര്യം ബാങ്ക് ഓഫീസുകൾ നൽകുന്നു. ഒരു പ്രത്യേക ക◌ൗണ്ടറിൽ സ്ഥാപിച്ചിട്ടുള്ള ടി എൽ ആർ ബോക്സിന് ഒരു മൂടിയുണ്ടാകും. ഇതിലിടുന്ന നോട്ടുകൾ എൻക്വയറി ക◌ൗണ്ടറിലിരിക്കുന്ന വ്യക്തിക്ക് ശേഖരിക്കാം. നോട്ട് ഈ പെട്ടിയിലിടുന്നവർ അത് ഒരു കവറിലാക്കിയ ശേഷം കവറിനു പുറത്ത് ആ നോട്ടുകളെ സംബന്ധിച്ച വിവരങ്ങളും അവരുടെ പേരും വിലാസവും ബാങ്ക് അക്ക◌ൗണ്ട് നമ്പരും എഴുതണം. രജിസ്റ്റേഡ് തപാൽ വഴിയും കീറിയ നോട്ടുകൾ ആർ ബി ഐ ഓഫീസിലേക്ക് അയയ്ക്കാം. നോട്ട് റീഫണ്ട് പ്രകാരം കൈമാറ്റം ചെയ്യാമെന്നു കണ്ടെത്തുന്ന നോട്ടുകളുടെ മൂല്യം ഇലക്ട്രോണിക് ക്ലിയറിങ് സർവീസ്/ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (ഇ എഫ് ടി) വഴി നോട്ട് നിക്ഷേപിച്ച വ്യക്തിയുടെ ബാങ്ക് അക്ക◌ൗണ്ടിലേക്ക് പോകും. നോട്ട് നിക്ഷേപിച്ച വ്യക്തിക്ക് ബാങ്ക് അക്ക◌ൗണ്ടില്ലെങ്കിൽ, അല്ലെങ്കിൽ അയാളുടെ അക്ക◌ൗണ്ടിലേക്ക് ഇ എഫ് ടി സ◌ൗകര്യം ലഭ്യമല്ലെങ്കിൽ തുക ഡ്രാഫ്റ്റായോ മണി ഓർഡറായോ നൽകും. ഡ്രാഫ്റ്റ്/ എം ഒ ചാർജ് തുക നൽകേണ്ട വ്യക്തിയിൽ നിന്ന് ഈടാക്കും.

**7. പൊതുവായ സേവന വ്യവസ്ഥകൾ**

i. ബാങ്ക് ക◌ൗണ്ടറുകൾ വഴിയുള്ള കൈമാറ്റ സ◌ൗകര്യം അതതു പ്രാദേശിക ഓഫീസുകളുടെ പ്രവൃത്തി സമയത്ത് സ◌ൗജന്യമായി ലഭ്യമാകും.

ii. കൈമാറ്റ സ◌ൗകര്യം ലഭ്യമായ ക◌ൗണ്ടറുകളുടെ ക്രമ നമ്പർ എല്ലാ ബാങ്ക് ഓഫീസുകളുടേയും ബാങ്കിങ് ഹാളിൽ എഴുതി പ്രദർശിപ്പിച്ചിരിക്കും.

iii. ഒട്ടിച്ച കവറിലെ കീറിയ/ വികലമായ നോട്ടുകൾ പ്രവൃത്തി സമയത്തിന് ഒരു മണിക്കൂർ കഴിയും വരെ ടിപിൾ ലോക്ക് റിസപ്റ്റക്കിളിൽ നിക്ഷേപിക്കാം.

iv. കീറിയ/ വികലമായ നോട്ടുകൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (നോട്ട് റീഫണ്ട്) നിയമപ്രകാരമാണ് മാറ്റിയെടുക്കുന്നത്. കീറിയ/ വികലമായ നോട്ട് ഈ നിയമപ്രകാരം മാറ്റിയെടുക്കാവതല്ലെങ്കിൽ അത് നിരസിക്കുകയും നോട്ട് നൽകിയ ആൾക്ക് ഇതു സംബന്ധിച്ച അറിയിപ്പ് നൽകുകയും ചെയ്യും. ഇപ്രകാരം നിരസിച്ച നോട്ട് ബാങ്കിൽ സൂക്ഷിക്കും. 4 മാസങ്ങൾക്കു ശേഷം അത് നശിപ്പിച്ചു കളയും.

v. കള്ളനോട്ടുകൾ/ നാണയങ്ങൾ ജപ്തി ചെയ്യും. അവയ്ക്ക് മൂല്യമൊന്നും നൽകുന്നതല്ല. നോട്ടുകൾ നൽകിയ വ്യക്തിയെ അറിയിച്ച ശേഷം ഇത്തരം നോട്ടുകൾ/ നാണയങ്ങൾ ബാങ്ക് സൂക്ഷിക്കും.

vi. ആർ ബി ഐ പുറത്തിറക്കുന്ന ബാങ്കുകളുടെ സുരക്ഷാ സവിശേഷതകൾ പൊതുജനങ്ങൾക്കായി ബാങ്കിന്റെ വെബ്സൈറ്റിൽ http://www.rbi.org.in/currency/banknotes.html നൽകിയിട്ടുണ്ട്.

vii. മേൽപ്പറഞ്ഞ കൈമാറ്റ സ◌ൗകര്യം ലഭ്യമാക്കുന്നതിൽ പൊതുജനങ്ങൾക്ക് എന്തെങ്കിലും പ്രയാസം നേരിടുന്നുവെങ്കിൽ അല്ലെങ്കിൽ അവരോട് കൈക്കൂലി ആവശ്യപ്പെട്ടാൽ പ്രാദേശിക ഓഫീസിന്റെ എൻക്വയറി ക◌ൗണ്ടറിലുള്ള പരാതിപ്പുസ്തകത്തിൽ അത് രേഖപ്പെടുത്തുകയോ അതതു ആർ ബി ഐ ഓഫീസിലെ ഇഷ്യൂ ഡിപ്പാർട്ട്മെന്റിനെ ഇക്കാര്യം ധരിപ്പിക്കുകയോ ചെയ്യാം. ഇതിന്റെ ചുമതലയുള്ള വ്യക്തികളുടെ പദവിയും വിലാസങ്ങളും അനുബന്ധത്തിൽ നൽകിയിരിക്കുന്നു.

viii. റിസർവ് ബാങ്കിലെ ജീവനക്കാരും ഉദ്യോഗസ്ഥരും പൊതുജനങ്ങളിൽ ഓരോരുത്തരേയും മര്യാദയോടെയും പരിഗണനയോടെയും ആയിരിക്കും സമീപിക്കുക. ജീവനക്കാർ ഏറെ സഹായ മനസ്ഥിതിയുള്ളവരായിരിക്കും. ഉപഭോക്താവിന്റെ അന്വേഷണങ്ങൾക്കും പരാതികൾക്കും അവർ അതിവേഗം മറുപടി നൽകും.

**8. വാണിജ്യ ബാങ്കുകളുടെ ക◌ൗണ്ടറിൽ അഴുക്കു പറ്റിയതോ വികലമായതോ ആയ നോട്ടുകൾ മാറ്റിയെടുക്കൽ**

(i.) റിസർവ് ബാങ്ക് ഓഫീസുകൾ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്നു. അതിനാൽ പട്ടികപ്പെടുത്തിയ വാണിജ്യ ബാങ്കുകളുടെ ശാഖകളിൽ കേടുപറ്റിയ നോട്ടുകൾ മാറ്റിയെടുക്കാനും നാണയങ്ങൾ നോട്ടുകളായും നോട്ടുകൾ നാണയങ്ങളായും മാറ്റാനും സ◌ൗകര്യം ഒരുക്കിയിട്ടുണ്ട്. അഴുക്കു പറ്റിയ നോട്ടുകൾ മാറ്റിയെടുക്കാനുള്ള സ◌ൗകര്യം പൊതുമേഖലാ ബാങ്കുകളുടെ എല്ലാ ശാഖകളിലും സ്വകാര്യ ബാങ്കുകളുടെ കറൻസി ചെസ്റ്റ് ബാങ്കുകളിലും ലഭ്യമാണെങ്കിലും വികലമായതോ കീറിയതോ ആയ നോട്ടുകൾ മാറ്റിയെടുക്കാനുള്ള സ◌ൗകര്യം വാണിജ്യ ബാങ്കുകളുടെ കറൻസി ചെസ്റ്റ് ബ്രാഞ്ചുകളിൽ ലഭ്യമാണ്. വികലമായ നോട്ടുകൾ മാറ്റിയെടുക്കാൻ സ◌ൗകര്യം നൽകുന്ന കറൻസി ചെസ്റ്റ് ബാങ്കുകളുടെ വിവരങ്ങൾ ആർ ബി ഐ ഓഫീസുകളിലെ എൻക്വയറി ക◌ൗണ്ടറിൽ ലഭ്യമാണ്. വികലമായ നോട്ടുകൾ മാറ്റിനൽകുന്ന സ◌ൗകര്യം ലഭ്യമാണെന്ന വിവരം നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കാനും ഇത്തരം കറൻസി ചെസ്റ്റ് ബ്രാഞ്ചുകൾക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരം ബ്രാഞ്ചുകളിൽ ഏതെങ്കിലും ഇങ്ങനെയൊരു സ◌ൗകര്യം നൽകാൻ വിസമ്മതിച്ചാൽ അതതു വാണിജ്യ ബാങ്കിന്റെ എം ഡിയോടോ സി ഇ ഒയോടോ പൊതുജനങ്ങൾക്ക് പരാതിപ്പെടാം. പരാതി പരിഹരിക്കപ്പെട്ടില്ലെങ്കിൽ ആർ ബി ഐയുടെ ബന്ധപ്പെട്ട പ്രാദേശിക ഓഫീസിൽ വിവരമറിയിക്കുക.

(ii.) മറ്റു ബാങ്കുകളുടെ ബ്രാഞ്ചുകൾ, അതായത് സഹകരണ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും, അവയുടെ സ◌ൗകര്യം അനുസരിച്ച് നോട്ടുകളും നാണയങ്ങളും മാറ്റി നൽകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. വികലമായ നോട്ടുകൾ മാറ്റി നൽകാൻ അവയ്ക്ക് അധികാരമില്ല.

**9. അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ**

പ◌ൗരാവകാശ രേഖ സംബന്ധിച്ച് പൊതുജനങ്ങൾക്ക് എന്തെങ്കിലും അഭിപ്രായമോ നിർദ്ദേശമോ ഉണ്ടെങ്കിൽ എഴുതുക: ചീഫ് ജനറൽ മാനേജർ, കറൻസി നിയന്ത്രണ വകുപ്പ്, സെൻട്രൽ ഓഫീസ്, ശഹീദ് ഭഗത് സിംഗ് മാർഗ്, മുംബയ്- 400 001

**അനുബന്ധം**

**ആർ ബി ഐ ഇഷ്യൂ ഓഫീസുകളുടെ വിലാസവും അവയുടെ അധികാര പരിധിയും**

| **ക്രമനമ്പർ** | **ആർ ബി ഐ ഓഫീസുകളുടെ എണ്ണവും പേരും വിലാസവും** | **അധികാര പരിധി** |
|---|---|---|
| 1 | ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്<br>രണ്ടാം നില, ഗാന്ധി ബ്രിഡ്ജിന് സമീപം, അഹമ്മദാബാദ്-380 014 | ഗുജറാത്ത് സംസ്ഥാനവും കേന്ദ്ര ഭരണപ്രദേശങ്ങളായ ദദ്ര, നാഗർ ഹവേലി, ദാമൻ ഡ്യൂ എന്നിവയും |
| 2 | ജനറൽ മാനേജർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്, 10/3/8<br>നൃപതങ്ക് റോഡ്, ബാംഗ്ലൂർ- 560 001. | കർണാടക സംസ്ഥാനം |
| 3 | ഡെപ്യൂട്ടി ജനറൽ മാനേജർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>ജവഹർലാൽ നെഹ്റു മാർഗ്, പോസ്റ്റ് ബോക്സ് നമ്പർ. 16, ഭുവനേശ്വർ- 751 001 | ഒറീസ സംസ്ഥാനം |
| 4 | ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>മെയിൻ ബിൽഡിങ്, ശഹീദ് ഭഗത് സിംഗ് മാർഗ്,<br>ഫോർട്ട്, മുംബയ് - 400 001 | ഗ്രേറ്റർ മുംബയ്, അതായത് മുംബയ് ദ്വീപും സബർബൻ ജില്ലയും (പശ്ചിമ, മധ്യ റയിൽേവ മുഖേന യഥാക്രമം ദഹീസറും മുലുന്ദും തമ്മിൽ ബന്ധിപ്പിക്കുന്ന റയിൽേവ ലൈനിന് തെക്കുവശം) |
| 5 | ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>ഹോഷങ്കബാദ് റോഡ്, പോസ്റ്റ് ബോക്സ് നമ്പർ. 23, ഭോപാൽ 462 011 | മധ്യപ്രദേശ് സംസ്ഥാനം |
| 6 | ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>പ്ലോട്ട് നമ്പർ. 3, സെക്ടർ 10,എച്ച്. എച്ച് നിർമലാദേവി മാർഗ്,<br>സിബിഡി, ബേലാപൂർ, നവിമുംബയ് - 400614 | മഹാരാഷ്ട്ര സംസ്ഥാനത്തിലെ അഹമ്മദ് നഗർ, കൊൽഹാപൂർ, നാസിക്, പൂന, റായ്ഗഢ്, രത്നഗിരി, സാംഗ്ലി, സത്താറ, സിന്ധുദുർഗ്, സോളാപൂർ, താനെ ജില്ലകളും ഗോവ സംസ്ഥാനവും |
| 7 | ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>സെൻട്രൽ വിസ്ത, ടെലഫോൺ ഭവന് എതിർവശം,<br>സെക്ടർ 17, ചണ്ഡിഗഢ്- 160017 | ഹരിയാന സംസ്ഥാനം, ഹിമാചൽ പ്രദേശ്, പഞ്ചാബ്, കേന്ദ്ര ഭരണപ്രദേശമായ ചണ്ഡിഗഢ് |
| 8 | ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>ഫോർട്ട് ഗ്ലാസിസ് നമ്പർ 16, രാജാജി സാലൈ, പോസ്റ്റ് ബോക്സ് നമ്പർ. 40,<br>ചെന്നൈ- 600001 | തമിഴ്നാട് സംസ്ഥാനവും കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയും |
| 9 | ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>സ്റ്റേഷൻ റോഡ്, പാൻബസാർ, പോസ്റ്റ് ബോക്സ് നമ്പർ. 120,<br>ഗുഹാവത്തി- 781 001 | അസാം സംസ്ഥാനം, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാന്റും ത്രിപുരയും |
| 10 | ജനറൽ മാനേജർ<br>ഇഷ്യൂ ഡിപാർട്ട്മെന്റ്<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, 6-1-65, സെക്രട്ടറിയേറ്റ് റോഡ്, സൈഫാബാദ്,<br>ഹൈദരാബാദ്- 500004 | ആന്ധ്രപ്രദേശ് സംസ്ഥാനം |
| 11 | ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്,<br>റെയിൽ ഹെഡ് കോംപ്ലക്സ്, ജമ്മു- 180 012 | ജമ്മു കാശ്മീർ സംസ്ഥാനം |
| 12 | ജനറൽ മാനേജർ<br>ഇഷ്യൂ ഡിപാർട്ട്മെന്റ്<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, രാംബാഗ് സർക്കിൾ, ട്രങ്ക് റോഡ്, പോസ്റ്റ് ബോക്സ്<br>നമ്പർ.12, ജയ്പൂർ- 302 004 | രാജസ്ഥാൻ സംസ്ഥാനം |
| 13 | ജനറൽ മാനേജർ<br>ഇഷ്യൂ ഡിപാർട്ട്മെന്റ്<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>എം.ജി.മാർഗ്, പോസ്റ്റ് ബോക്സ് നമ്പർ. 82/142<br>കാൺപൂർ- 208001 | ഉത്തർ പ്രദേശ് സംസ്ഥാനവും ഉത്തരാഞ്ചലും |
| 14 | ജനറൽ മാനേജർ<br>ഇഷ്യൂ ഡിപാർട്ട്മെന്റ്<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>പോസ്റ്റ് ബോക്സ് നമ്പർ. 49<br>കൊൽക്കത്ത-700 001 | സിക്കിം സംസ്ഥാനം, പശ്ചിമബംഗാളും കേന്ദ്രഭരണ പ്രദേശങ്ങളായ ആൻഡമാൻ, നിക്കോബാർ ദ്വീപുകളും |
| 15 | ജനറൽ മാനേജർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ് മെയിൻ **ഓഫീ**സ് ബിൽഡിംഗ്, ഡോ. രാഘവേന്ദ്ര റാവു റോഡ്, പോസ്റ്റ് ബോക്സ് നമ്പർ. 15, സിവിൽ ലെയ്ൻസ്, നാഗ്പൂർ -440 001 | ഛത്തീസ്ഗഢ് സംസ്ഥാനവും അകോല, അമരാവതി, ഔറംഗാബാദ്, ബീഡ്, ഭണ്ഡാര, ബുൽധാന, ചന്ദ്രപൂർ, ധുലെ, ഗാദ്ചിറോലി, ഹിംഗോളി, ജലഗാവ്, ജൽന, ലാത്തൂർ, നാഗ്പൂർ, നന്ദേദ്, ഒസ്മാനാബാദ്, പർഭാനി, വാർധ, യവത്മൽ എന്നീ മഹാരാഷ്ട്രയിലെ ജില്ലകളും |
| 16 | മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപാർട്ട്മെന്റ്<br>6, സൻസദ് മാർഗ്,  ന്യൂദൽഹി, 110 001 | ദൽഹി സംസ്ഥാനം |
| 17 | ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപാർട്ട്മെന്റ്, സൗത്ത് ഗാന്ധി മൈതാനം<br>പോസ്റ്റ് ബോക്സ് നമ്പർ. 162, പാറ്റ്ന- 800 001 | ബിഹാർ, ഝാർഖണ്ഡ് സംസ്ഥാനങ്ങൾ |
| 18 | ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപാർട്ട്മെന്റ്, ബേക്കറി ജങ്ഷൻ,<br>പോസ്റ്റ് ബോക്സ് നമ്പർ. 6507, തിരുവനന്തപുരം- 695 033 | കേരള സംസ്ഥാനവും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപും. |